"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ഇലക്ട്രോണിക്സ് & വിവര സാങ്കേതിക വിദ്യാ വകുപ്പ് -കോഴിക്കോട് സൈബർപാർക്കിലെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ തസ്തികയിൽ നിയമനം - സെലക്ഷൻ കമ്മിറ്റി പുനഃസംഘടിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഇലക്ട്രോണിക്സ് & വിവര സാങ്കേതിക വിദ്യാ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.233/2023/ITD തീയതി,തിരുവനന്തപുരം, 01-11-2023

---

പരാമർശം:-

1. 25.06.2022 തീയതിയിലെ സ.ഉ (കൈ) നം.22/2022/ITD നമ്പർ ഉത്തരവ്.
2. 28.10.2020 തീയതിയിലെ സ.ഉ(സാധാ) നം.137/2020/ITD നമ്പർ ഉത്തരവ്.
3. 09.12.2020 തീയതിയിലെ സ.ഉ(സാധാ) നം. 154/2020/വി.സ.വ നമ്പർ ഉത്തരവ്.

**ഉത്തരവ്**

സർക്കാർ ഐ.ടി പാർക്കുകളിലെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ തസ്തികയിലേക്ക് യോഗ്യരായ ഉദ്യോഗാർത്ഥികളെ തെരഞ്ഞെടുക്കുന്നതിനുള്ള യോഗ്യതയും മാനദണ്ഡവും നിശ്ചയിച്ച് പരാമർശം 1 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. തുടർന്ന് കോഴിക്കോട് സൈബർപാർക്കിലെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ തസ്തികയിലേക്ക് അപേക്ഷ ക്ഷണിക്കുകയും പരാമർശം 2 പ്രകാരം രൂപീകരിച്ച സൂക്ഷ്മ പരിശോധനാ കമ്മിറ്റി, ലഭിച്ച അപേക്ഷകൾ പരിശോധിക്കുകയും യോഗ്യരായ 2 ഉദ്യോഗാർത്ഥികളെ ഷോർട്ട്‌ലിസ്റ്റ് ചെയ്യുകയും ചെയ്തു.

2 സർക്കാർ ഐ.ടി പാർക്കുകളിലെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ തസ്തികയിലേക്കുള്ള തെരഞ്ഞെടുപ്പിനായി പരാമർശം 3 പ്രകാരം സെലക്ഷൻ കമ്മിറ്റി രൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത ഉത്തരവ് ഭേദഗതി ചെയ്ത് കോഴിക്കോട് സൈബർപാർക്കിലെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ തസ്തികയിൽ യോഗ്യരായ ഉദ്യോഗാർത്ഥികളെ

തെരഞ്ഞെടുക്കുന്നതിനുള്ള സെലക്ഷൻ കമ്മിറ്റി താഴെ പറയും പ്രകാരം രൂപീകരിച്ച് ഉത്തരവാകുന്നു.

1. ധനകാര്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി - ചെയർമാൻ.
2. ഇലക്ട്രോണിക്സ് & വിവര സാങ്കേതിക വിദ്യാ വകുപ്പ് സെക്രട്ടറി - കൺവീനർ
3. കേരള ഡിജിറ്റൽ യൂണിവേഴ്സിറ്റി വൈസ് ചാൻസലർ - അംഗം.
4. IIM,കോഴിക്കോട് നോമിനേറ്റ് ചെയ്യുന്ന സബ്ജക്ട് & മാനേജ്മെന്റ് വിദഗ്ധൻ- അംഗം.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
രാജേഷ് കുമാർ എം
അഡിഷണൽ സെക്രട്ടറി

പകർപ്പ്

ധനകാര്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി

കേരള ഡിജിറ്റൽ യൂണിവേഴ്സിറ്റി വൈസ് ചാൻസലർ

ഡയറക്ടർ, ഐഐഎം, കോഴിക്കോട്

വിവരപൊതുജനസമ്പർക്ക വകുപ്പ്

(സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

കരുതൽ ഫയൽ/ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം
Signed by
Kiran M
Date: 03-11-2023 12:58:33
സെക്ഷൻ ഓഫീസർ